**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർഥികൾക്കുള്ള പഠനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ സർക്കാർ - സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയുള്ള കേന്ദ്രീകൃതവും സുതാര്യവുമായ പ്രവേശന സംവിധാനം, യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം തുടങ്ങിയവ മുഖേന മെറിറ്റ് / റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പഠനസഹായം നൽകി വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പഠനസഹായം നൽകുന്നത് എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ സർക്കാർ - സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയുള്ള കേന്ദ്രീകൃതവും സുതാര്യവുമായ പ്രവേശന സംവിധാനം, യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം തുടങ്ങിയവ മുഖേന മെറിറ്റ് / റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പഠനസഹായം നൽകി വരുന്നു. |
| (സി) | നിലവിലെ വാർഷിക വരുമാന പരിധിയായ രണ്ടര ലക്ഷം രൂപ എന്നത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് 2.5 ലക്ഷം വരുമാന പരിധി വരെയുള്ളവർക്ക് മാത്രമെ സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാന പരിധി ബാധകമാക്കാതെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ തുക പൂർണ്ണമായും അനുവദിച്ച് വരുന്നു. |
| (ഡി) | പഠനസഹായത്തിനുള്ള ഇത്തരം ആനുകൂല്യങ്ങൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് | (ഡി) | സ്കോളർഷിപ്പുകൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി അപേക്ഷാ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | സമർപ്പണം e-grantz3.0 പോർട്ടൽ മുഖേന ഓൺലൈനായാക്കിയിട്ടുണ്ട്. ഓരോ അധ്യയന വർഷത്തേയും സ്കോളർഷിപ്പ് ക്ലെയിമുകൾ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ